# കേരളത്തിലെ നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികളുടെ പ്രശ്നങ്ങൾ ചർച്ചാവിഷയമാക്കി സമ്മേളനം

കൊച്ചി: റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ കീഴിൽ വരുന്ന കേരളത്തിലെ നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികളുടെ സംഘടനയായ കെ എൻ ബി എഫ് സിയുടെ വാർഷികസമ്മേളനം കൊച്ചിയിൽ നടന്നു. സംസ്ഥാന ധനകാര്യ വകുപ്പു മന്ത്രി കെ.എം.മാണി സമ്മേളനം ഉദ്ഘാടനം ചെയ്തു.. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ മാനേജർ അനിൽ കെ. ശർമ്മ, കെ.പി.എം.ജി റിസ്ക് കൺസൾട്ടിംഗ് ഡയറക്ടർ ശ്രീധർ പ്രസാദ്, കെ എൻ ബി എഫ് സി ചെയർമാൻ തോമസ് ജോർജ്ജ് മുത്തൂറ്റ്, കെ എൻ ബി എഫ് സി വൈസ് ചെയർമാൻ കുര്യൻ സി ജോർജ്ജ് തുടങ്ങിയവർ പങ്കെടുത്തു.

ബാങ്കിംഗേതര ധനകാര്യ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും നടന്ന വാർഷിക സമ്മേളനം ചർച്ച ചെയ്തു.




കേരളത്തിലെ നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികളുടെ സംഘടനയായ കെ എൻ ബി എഫ് സിയുടെ വാർഷികസമ്മേളനം കൊച്ചിയിൽ മന്ത്രി കെ എം മാണി ഉദ്ഘാടനം ചെയ്യുന്നു

ബാങ്കിംഗേതര ധനകാര്യമേഖലയുടെ സ്വാധീനവും പ്രാധാന്യവും സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുകയാണെന്ന് ചടങ്ങിൽ സംസാരിച്ച കെ എൻ ബി എഫ് സി ചെയർമാൻ തോമസ് ജോർജ്ജ് മുത്തൂറ്റ് അഭിപ്രായപ്പെട്ടു. ബാങ്കിംഗേതര ധനകാര്യ സ്ഥാപനങ്ങൾ രാജ്യത്തിന്റെ ബാങ്കിംഗ് നിയമങ്ങൾക്കനുസൃതമായി വിപുലമായ വായ്പാ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ബാങ്കിംഗ് തത്വങ്ങളിലൂന്നി വൻതുകയാണ് വായ്പയായി നൽകിയിട്ടുള്ളത് അതുകൊണ്ടു തന്നെ രാജ്യത്തിന്റെ സാമ്പത്തിക വികസന സ്വപ്നങ്ങളുടെ സുസ്ഥിരതയും ആരോഗ്യകരമായ നിലനിൽപ്പും ഉറപ്പാക്കി ചിട്ടയായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിന് ഈ സ്ഥാപനങ്ങൾക്ക് ബാധ്യതയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഈ കാരണത്താൽത്തന്നെ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെമേൽ മതിയായ നിയന്ത്രണം കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിനായി സർക്കാരും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയും മുന്നോട്ടു വെയ്ക്കുന്ന നിർദ്ദേശങ്ങളും നിയമങ്ങളും പൂർണ്ണമായും ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിന് ബാങ്കിംഗേതര ധനകാര്യ സ്ഥാപനങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

ചടങ്ങിൽ പങ്കെടുത്ത റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ മാനേജർ അനിൽ കെ. ശർമ്മ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ പുലർത്തേണ്ട നിയമപരമായ ബാദ്ധ്യതകൾ വിശദീകരിച്ചു. കെ.പി.എം.ജി ഡയറക്ടർ ശ്രീ.ശ്രീധർ പ്രസാദ് ഈ രംഗത്തെ വെല്ലുവിളികൾ ചൂണ്ടിക്കാട്ടി.

റിസർവ്വ് ബാങ്ക് അംഗീകരിച്ച ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെ കൂട്ടായ്മയായി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനയാണ് കേരള നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനി വെൽഫെയർ അസ്സോസിയേഷൻ.

അംഗങ്ങൾക്കിടയിൽ അച്ചടക്കം ഉറപ്പുവരുത്തുന്നതിനും മാതൃകാ പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിനും ഏകീകൃത പ്രവർത്തന സ്വഭാവം രൂപീകരിക്കുന്നതിനുമൊപ്പം അംഗങ്ങളുടെ താൽപര്യങ്ങളും അവകാശങ്ങളുമുറപ്പുവരുത്തുന്നതിനു സംഘടന നിലകൊള്ളുന്നു. അംഗങ്ങൾക്കു ഒത്തുകൂടി ബിസിനസ്സ് സംബന്ധമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള വേദികൂടിയാണ് അസ്സോസിയേഷൻ.

റിസർവ് ബാങ്ക് അംഗീകരിച്ചതും കേരളം ആസ്ഥാനമായതുമായ ഏതു ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനത്തിനും സംഘടനയിൽ അംഗമാകാം.